ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളോടെ പ്രവർത്തിക്കുന്ന 163 ടൂറിസം ഹോട്ടലുകളും റിസോർട്ടുകളും ഉണ്ട്.

(ബി) സർക്കാർ മേഖലയിൽ ഹോട്ടലുകളും റിസോർട്ടുകളും പ്രവർത്തിക്കുന്നില്ല. സഹകാര്യമേഖലയിലും പൊതുമേഖലയിലും (കെ.ടി.ഡി.സി.) ഉൾപ്പെടെ ആകെ 1960 ടൂറിസ്റ്റ് ഹോട്ടലുകളും റിസോർട്ടുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) കെ.ടി.ഡി.സി. യൂണിറ്റുകളിൽ നിന്നും 2001-02-ൽ 31.51 കോടി രൂപയും 2002-03-ൽ 33.78 കോടി രൂപയും വരുമാനം ലഭിച്ചു.

(ഡി) ഉണ്ട്. ഇക്കാര്യത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) ഇല്ല.

വിനോദസഞ്ചാരവകുപ്പ് നൽകിയ പരസ്യങ്ങൾ

90 (4698) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് നേരിട്ട് നൽകിയ പരസ്യം എന്ത് തുകയ്ക്ക് ആണെന്നും മറ്റ് ഏജൻസികൾ മുഖേന നൽകിയ പരസ്യങ്ങൾ എന്ത് തുകയ്ക്കാണെന്നും വ്യക്തമാക്കുമോ ; ഓരോരുത്തർക്കും നൽകിയ പരസ്യത്തിന്റെ തുക വെളിപ്പെടുത്തുമോ ;

(ബി) ഏജൻസികൾ മുഖേന നൽകിയ പരസ്യത്തിന് എന്തു തുക ഓരോ ഏജൻസികൾക്കും നൽകിയിട്ടുണ്ടെന്നും ബാക്കി എന്തു തുക നൽകാനുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പരസ്യം നൽകുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2002-03 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പ് നേരിട്ടും ഏജൻസികൾ മുഖേനയും നൽകിയ പരസ്യത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

1.	ടൂറിസം വകുപ്പ് നേരിട്ട് നൽകിയത്	-	55,32,466 രൂപ
2.	ഏജൻസി-സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ, തിരുവനന്തപുരം മുഖേന നൽകിയത്	-	2,75,18,379 രൂപ
3.	ഏജൻസി-ഏഗ്രേ വേൾഡ് വൈഡ്, ബാംഗ്ലൂർ മുഖേന നൽകിയത്	-	53,47,302 രൂപ
		ആകെ	3,83,98,147രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഈ രംഗത്തുള്ള മൗലികമായ വൈദഗ്ദ്ധ്യം, മുൻകാല പരിചയം, നൂതനമായ ആശയങ്ങൾ, നടത്തിയ ഇടപാടുകളുടെ സാമ്പത്തിക അടിത്തറ എന്നിവ കണക്കിലെടുത്താണ് ഏജൻസികളെ തെരഞ്ഞെടുത്തത്.

ബോട്ട് ഷോ സംഘടിപ്പിക്കാൻ പദ്ധതി

91 (4699) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോട്ട് ഷോ സംഘടിപ്പിക്കാൻ പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ രാജ്യങ്ങൾ ബോട്ട്ഷോയിൽ പങ്കെടുക്കുമെന്ന് അറിയിക്കാമോ ;

(സി) ഇതിനായി സർക്കാരിന് എത്ര രൂപ ചെലവാകുമെന്ന് അറിയിക്കാമോ ;

(ഡി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുവരെയായി യു.എസ്.എ., ബ്രിട്ടൻ., യു.എ.ഇ., ഇറ്റലി, നെതർലൻഡ്സ്, സിംഗപ്പൂർ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള കമ്പനികൾ ബോട്ട്ഷോയിൽ പങ്കെടുക്കാനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൻമേലുള്ള നടപടികൾ അന്തിമ രൂപത്തിലായിട്ടില്ല.

(സി) ഇക്കൊല്ലത്തെ ബോട്ട്ഷോയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ അൻപതു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ജലകായിക വിനോദപരിപാടികൾക്ക് ഏറെ സാധ്യതയുള്ള കേരളത്തിന് ഇത്തരം ഒരു ബോട്ട് ഷോ സംഘടിപ്പിക്കുന്നതിലൂടെ ലോകവിനോദ സഞ്ചാര ഭൂപടത്തിൽ ഒരു പ്രധാന സ്ഥാനം നേടാൻ സാധിക്കുമെന്ന് വകുപ്പ് കരുതുന്നു. ദേശീയ, അന്താരാഷ്ട്ര രംഗത്തുള്ള ജലകായിക വിനോദ കുതുകികളുടെ ശ്രദ്ധ ഇക്കാലയളവിൽ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയും. കൂടാതെ ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ ഒത്തു ചേരലിലൂടെ ഈ രംഗത്ത് കേരളത്തിന് കൂടുതൽ മുതൽ മുടക്ക് നേടാൻ കഴിയുമെന്ന് വകുപ്പ് കരുതുന്നു.

ടൂറിസ്റ്റ് ഗൈഡുകൾ

92 (4700) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കുവേണ്ടി എന്തെല്ലാം നടപടികളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly